**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4501** **19-03-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര ആദിവാസി കുടുംബങ്ങൾക്ക് വീട് വച്ച് നൽകിയിട്ടുണ്ട്; ഈയിനത്തിൽ ചെലവായ തുകയെത്ര; പ്രസ്തുത കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് പദ്ധതിയിലേക്ക് എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | **ഈ സർക്കാരിന്റെ കാലത്ത് (2021 മെയ് മുതൽ 28/02/2025 വരെ) ലൈഫ് ഭവന പദ്ധതി പ്രകാരം 21,371 പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം, വായ്പ വിഹിതം, സംസ്ഥാന വിഹിതം എന്നീ ഇനങ്ങളിലായി ആകെ 1094.82 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ടി കാലയളവിൽ 333 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ